**ശ്രീ. വി. എ. അരുൺകുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണങ്ങൾ**

123 (1366) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. വി. എ. അരുൺകുമാർ കയർഫെഡ് മാനേജിംഗ് ഡയറക്ടർ ആയിരിക്കെ ഉണ്ടായെന്നുപറയപ്പെടുന്ന അഴിമതിയുമായി ബന്ധപ്പെട്ടും, യോഗ്യതയില്ലാതിരുന്നിട്ടും അദ്ദേഹത്തെ ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടറായി നിയമിച്ചത് സംബന്ധിച്ചുമുള്ള വിജിലൻസ് അന്വേഷണങ്ങളുടെ ഇതുവരെയുള്ള പൂർണ്ണവിവരം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി അന്വേഷണോദ്യോഗസ്ഥൻ ശ്രീ. വി. എസ്. അച്യുതാനന്ദനെ ചോദ്യം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ശ്രീ. വി. എ. അരുൺകുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണത്തോടനുബന്ധിച്ച് ഇദ്ദേഹത്തെ എത്രപ്രാവശ്യം അന്വേഷണോദ്യോഗസ്ഥർ ചോദ്യം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കേസുകൾ അന്വേഷണാവസ്ഥയിലായതിനാൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ കഴിയില്ല.

**പാമോലിൻ, ടൈറ്റാനിയം കേസുകൾ**

124 (1368) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമോലിൻ, ടൈറ്റാനിയം കേസുകളുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കുമോ;

(ബി) ഈ കേസുകളിൽ ആരെല്ലാമാണ് പ്രതികളെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട പ്ലാന്റ് അഴിമതി സംബന്ധിച്ച് ശ്രീ. സുനിൽ, തിരുവനന്തപുരം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് മുമ്പാകെ ഫയൽ ചെയ്ത സി.എം.പി. 845/2006 പ്രകാരം വിജിലൻസ് അന്വേഷണം നടത്തി താഴെപ്പറയുന്ന വ്യക്തികൾക്കെതിരായി വി.സി.01/2015/എസ്.ഐ.യു.1 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് താഴെപ്പറയുന്നവർക്കെതിരെ അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly